നം.വൈ(1)/29710/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി: 30/8/2019.

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - ശാസ്ത്ര -ഗണിത ശാസ്ത്ര, സാമൂഹിക ശാസ്ത്ര മത്സരങ്ങൾ 2019-20 - സംബന്ധിച്ച്.

സൂചന:-

****

സൂചന സർക്കുലർ പ്രകാരം സ്കൂൾതലം മുതൽ സംസ്ഥാനതലം വരെയുള്ള ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര ക്ലബ് പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ട വിഷയങ്ങൾ നിശ്ചയിച്ച് നൽകിയിരുന്നു. പരിഷ്കരിച്ച മാന്വൽ അടിസ്ഥാനമാക്കിയായിരിക്കും ഈ വർഷം മുതൽ മത്സരങ്ങൾ നടത്തുന്നത്.

## 1. സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം

ശാസ്ത്രോത്സവം സ്കൂൾ തലത്തിൽ ഒരു ദിവസം കൊണ്ടും സബ്ജില്ലാ തലം രണ്ടു ദിവസം കൊണ്ടും റവന്യൂ ജില്ലാ തലം രണ്ടു ദിവസം കൊണ്ടും പൂർത്തീകരിക്കേണ്ടതാണ്. സ്കൂൾ തലം സെപ്റ്റംബർ 21 നകവും, സബ്ജില്ലാ തലം ഒക്ടോബർ 12 നകവും പൂർത്തിയാകണം. ജില്ലാതല മത്സരങ്ങൾ ഒക്ടോബർ 22 ന് മുൻപ് പൂർത്തിയാക്കി നവംബർ 1, 2, 3 തീയതികളിൽ തൃശ്ശൂരിൽ നടക്കുന്ന സ്കൂൾ ശാസ്ത്രോത്സവത്തിൽ വിജയികളെ പങ്കെടുപ്പിക്കാൻ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

ജില്ലാ ക്വിസ് മത്സരങ്ങൾ, ടാലന്റ് സെർച്ച് എക്സാമിനേഷൻ എന്നിവ ഏകീകൃതമായി നടത്തും . സംസ്ഥാനതലത്തിൽ നിന്നും ചോദ്യപേപ്പറും ഉത്തര സൂചികയും നൽകുന്നതാണ്.

## 2.സി.വി. രാമൻ ഉപന്യാസ രചനാ മത്സരം (HS, HSS/VHSS)

സംസ്ഥാനതല സി.വി. രാമൻ ഉപന്യാസ രചനാ മത്സരം നവംബർ മാസം 7-ാം തീയതി വയനാട് ജില്ലയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഒക്ടോബർ മാസത്തിൽ സ്കൂൾതലം, സബ്ജില്ലാതലം, റവന്യൂ ജില്ലാതല മത്സരങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

## 3.ശാസ്ത്ര നാടക മത്സരം (ഹൈസ്കൂൾ വിഭാഗം)

സംസ്ഥാനതല സ്കൂൾ ശാസ്ത്ര നാടക മത്സരം ഒക്ടോബർ 15 ന് കൊല്ലം ജില്ലയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. സ്കൂൾ, സബ്ജില്ല, റവന്യൂ ജില്ല മത്സരങ്ങൾ ഒക്ടോബർ 10ന് മുൻപായി പൂർത്തീകരിക്കേണ്ടതാണ്.

## 4. സയൻസ് ടാലന്റ് സെർച്ച് എക്സാമിനേഷൻ (HS, HSS/VHSS തലം)

സംസ്ഥാനതല സയൻസ് ടാലന്റ് സെർച്ച് എക്സാമിനേഷൻ മത്സരം നവംബർ മാസം കോഴിക്കോട് ജില്ലയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഒക്ടോബർ മാസത്തിൽ സ്കൂൾ, ഉപജില്ല, ജില്ലാ മത്സരങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

## 5. നാഷണൽ സയൻസ് സെമിനാർ (ഹൈസ്കൂൾ വിഭാഗം)

സംസ്ഥാനതല സയൻസ് സെമിനാർ മത്സരം ഒക്ടോബർ 4-ാം തീയതി എറണാകുളം ജില്ലയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതിനു മുൻപായി സ്കൂൾ, ഉപജില്ല, ജില്ലാ മത്സരങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

## 6. സോഷ്യൽ സയൻസ് വാർത്താ വായന മത്സരം (HS, HSS/VHSS വിഭാഗം)

സംസ്ഥാനതല വാർത്താ വായന മത്സരം ഒക്ടോബർ മാസം മലപ്പുറം ജില്ലയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. സെപ്റ്റംബറിന് മുൻപ് സ്കൂൾതലം, സബ്ജില്ലാതലം, റവന്യൂ ജില്ലാതല മത്സരങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

## 7. ശ്രീനിവാസ രാമാനുജൻ മെമ്മോറിയൽ പേപ്പർ പ്രസന്റേഷൻ (HS, HSS/VHSS വിഭാഗം)

സംസ്ഥാനതല ശ്രീനിവാസ രാമാനുജൻ മെമ്മോറിയൽ പേപ്പർ പ്രസന്റേഷൻ മത്സരം 2020 ജനുവരി മാസം കോട്ടയം ജില്ലയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. സ്കൂൾതലം മുതൽ റവന്യൂജില്ലതലം വരെയുള്ള മത്സരങ്ങൾ നവംബർ 30 ന് മുൻപ് പൂർത്തീകരിക്കേണ്ടതാണ്.

## 8. സോഷ്യൽ സയൻസ് ടാലന്റ് സെർച്ച് എക്സാമിനേഷൻ (HS, HSS/VHSS വിഭാഗം)

സംസ്ഥാനതല സോഷ്യൽ സയൻസ് ടാലന്റ് സെർച്ച് എക്സാമിനേഷൻ മത്സരം നവംബർ മാസം ഇടുക്കി ജില്ലയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. സ്കൂൾതലം മുതൽ റവന്യൂ ജില്ലാതലം വരെയുള്ള മത്സരങ്ങൾ ഒക്ടോബർ മാസം പൂർത്തീകരിക്കേണ്ടതാണ്.

## 9.ഭാസ്കരാചാര്യ സെമിനാർ (HS, HSS/VHSS വിഭാഗം)

സംസ്ഥാനതല ഭാസ്കരാചാര്യ സെമിനാർ മത്സരം പത്തനംതിട്ട ജില്ലയിൽ വച്ച് 2020 ജനുവരി മാസം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. അതിനു മുമ്പായി സ്കൂൾ, ഉപജില്ല, ജില്ലാ മത്സരങ്ങൾ നവംബർ മാസം പൂർത്തിയാക്കേണ്ടതാണ്.

## 10.മാത്സ് ടാലന്റ് സെർച്ച് എക്സാമിനേഷൻ

സംസ്ഥാനതല മാത്സ് ടാലന്റ് സെർച്ച് എക്സാമിനേഷൻ മത്സരം ആലപ്പുഴ ജില്ലയിൽ വച്ച് 2020 ജനുവരി മാസം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. അതിന് മുമ്പായി സ്കൂൾ, ഉപജില്ല, ജില്ലാ മത്സരങ്ങൾ നവംബർ മാസം പൂർത്തീകരിക്കേണ്ടതാണ്.

ജീവൻബാബു കെ , ഐ എ എസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ

എസ്.ആർ.